സ്വർണ്ണപ്പണയത്തിൻമേലുള്ള വായ്പ

41 (1096) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യപണമിടപാടു സ്ഥാപനങ്ങളിൽനിന്നു സ്വർണ്ണപ്പണയത്തിന്മേൽ പരമാവധി ചുമത്താവുന്ന പലിശനിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) അമിത പലിശ ഈടാക്കുന്ന പണമിടപാട് സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാൻ കേരള മണിലെന്റേഴ്സ് ആക്ടിൽ വ്യവസ്ഥയുണ്ടോ ;

(സി) എങ്കിൽ കഴിഞ്ഞ രണ്ടുകൊല്ലക്കാലത്ത് എത്ര സ്വകാര്യപണമിടപാടു സ്ഥാപനങ്ങളുടെമേൽ മണിലെന്റേഴ്സ് ആക്ട് വ്യവസ്ഥകൾ അനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ഡി) സ്വകാര്യപണമിടപാട് സ്ഥാപനങ്ങളിൽ സ്വർണ്ണം പണയപ്പെടുത്തിയവർ എത്ര ആളുകൾ സ്വർണ്ണം തിരിച്ചെടുത്തില്ലായെങ്കിലാണ് സ്വർണ്ണപ്പണയം ലേലത്തിൽ വില്ക്കാൻ മണിലെന്റേഴ്സിന് അധികാരം ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) ലേല വിവരം പണയം വച്ചയാളിനെ രജിസ്റ്റേർഡ് കത്ത് വഴി അറിയിക്കാൻ മണിലെന്റർക്ക് ബാധ്യതയുണ്ടോ ;

(എഫ്) ലേലത്തിനുശേഷം മണിലെന്റേർക്ക് അവകാശപ്പെട്ട മുതലിനും പലിശയ്ക്കും ഉപരിയായി ലഭിച്ച തുക പണയം വച്ച ആളിന് നല്കേണ്ടതുണ്ടോ ;

(ജി) സ്വകാര്യപണമിടപാട് സ്ഥാപനങ്ങൾ വ്യവസ്ഥകൾ ലംഘിച്ച് ജനങ്ങളിൽ നിന്ന് അധികം പലിശ ഈടാക്കുന്നതായും പണയ ഉരുപ്പടികൾ ലേലം ചെയ്തതായി രേഖയുണ്ടാക്കി ജനങ്ങളെ കബളിപ്പിക്കുന്നതായി സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ ;

(എച്ച്) സ്വകാര്യപണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വർണ്ണപ്പണയത്തിന് വാണിജ്യ ബാങ്കുകൾ ഈടാക്കുന്ന പലിശ നിരക്കിൽ നിന്നും രണ്ടുശതമാനത്തിൽ കൂടുതൽ പലിശ സ്വകാര്യപണമിടപാട് സ്ഥാപനങ്ങൾ ഈടാക്കുവാൻ പാടുള്ളതല്ല.

(ബി) ഉണ്ട്.

(സി) 7 ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ നടപടി എടുത്തിട്ടുണ്ട്.

(ഡി) പണയ ഉരുപ്പടികൾ ഒരു വർഷത്തിനകം തിരിച്ചെടുക്കേണ്ടതാണ്. ഒരു വർഷം കഴിഞ്ഞ് ഏഴുദിവസത്തെ ഇളവുനാൾ അനുവദിക്കാവുന്നതാണ്. അതിനുശേഷം പണയപണ്ടം നിയമവിധേയമായി ലേലത്തിൽ വില്ക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്.

(ജി) അമിതപലിശ ഈടാക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. അവയിൽ നടപടികളും എടുത്തിട്ടുണ്ട്. എന്നാൽ നിയമവിരുദ്ധമായി പണയ പണ്ടം ലേലം ചെയ്തു വില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) അനിവാര്യമായ സാഹചര്യങ്ങളിൽ പരിശോധന നടത്താറുണ്ട്.

ചാരായനിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി

42 (1097) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് അബ്കാരി ആക്ടിൽ ദേദഗതി വരുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് പുതിയ ഡിസ്റ്റലറികൾ അനുവദിച്ച സ്ഥിതിക്ക് കൂടുതൽ ബാറുകൾ അനുവദിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഇ) സംസ്ഥാനത്ത് ചാരായം നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ട വരെ പുനരധിസിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്നും അതിൽ എത്ര പേരെ നാളിതുവരെ പുനരധിവസിപ്പിച്ചു എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) അബ്കാരി ആക്ട് കാലോചിതമായി പരിഷ്ക്കരിക്കുന്നതിനെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട തൊഴിലാളി സംഘടനാ നേതാക്കളേയും ഉദ്യോഗസ്ഥന്മാരെയും ഉൾപ്പെടുത്തി 14-8-1999-ലെ ജി. ഒ. (എം. എസ്.)119/98/നിവ എന്ന ഉത്തരവിൻപ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ അത് പരിശോധിച്ച് ആവശ്യമെന്നുകണ്ടാൽ അബ്കാരി ആക്ടിൽ ദേദഗതികൾ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു.

(സി & ഡി) സംസ്ഥാനത്ത് പുതിയ കോമ്പൗണ്ടിംഗ് ബ്ലൻസിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകൾ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ബാറുകൾ അനുവദിക്കുവാൻ ഉദ്ദേശമില്ല. എന്നാൽ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി ബാറുകൾ അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly